"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.രമേശൻ.കെയുടെ മാതാവിന്റെ ചികിത്സയ്ക്കായി ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.322/2023/F&WLD തീയതി,തിരുവനന്തപുരം, 26-08-2023.

---

പരാമർശം:-

1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 29.11.2022 ലെ എച്ച് 2/546/2021 നമ്പർ കത്ത്.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20.10.2022 ലെ നം.(എൽ.ഡിസ്) എം.ആർ4-4214/2022/ആ.വ.ഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റേഞ്ചിലെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.രമേശൻ.കെ യുടെ മാതാവിന്റെ ചികിത്സയ്ക്കായി കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ചെലവായ തുക റീ ഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ കണ്ണൂർ വനം ഡിവിഷനിലെ കണ്ണവം റേഞ്ചിൽ ജോലി നോക്കി വരുന്ന സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.രമേശൻ.കെ യുടെ മാതാവിന്റെ ചികിത്സയ്ക്കായി കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ 13.05.2019-21.05.2019 കാലയളവിൽ ചെലവായ 1,11,496/-രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്നു അറിയിച്ചിരിയ്ക്കുന്ന തുകയായ 85,082/- രൂപയുടെ 80% ആയ 68,066/- (അറുപത്തി എണ്ണായിരത്തി അറുപത്തി ആറ് രൂപ മാത്രം) പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ.രമേശൻ.കെ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (11.05.2023 ലെ 2399388/എൽ1/138/2023/ധന പ്രകാരം).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 26-09-2023 16:13:37